39 (183) തേക്കുതോട് ഗവണ്മെന്റ് ഹൈസ്കൂളിൽ പ്ലസ് ടൂ കോഴ്സ്

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ തേക്കുതോട് ഗവണ്മെന്റ് ഹൈസ്കൂളിൽ പ്ലസ് ടൂ കോഴ്സ് അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് സർക്കാരിൽ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൽ എന്തു നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്കൂളിൽ പ്ലസ് ടൂ കോഴ്സ് ആരംഭിക്കാൻ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) മലയോര പ്രദേശത്തെ ഒരു പ്രധാന ഗവണ്മെന്റ് ഹൈസ്കൂൾ എന്നത് കണക്കിലെടുത്ത് തേക്കുതോട് പ്ലസ് ടൂ കോഴ്സ് ആരംഭിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) സംസ്ഥാനത്ത് ഈ അദ്ധ്യയനവർഷം പുതുതായി പ്ലസ് ടൂ കോഴ്സുകൾ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) കൂടുതൽ പ്ലസ് ടൂ കോഴ്സുകൾ അനുവദിക്കുമ്പോൾ ഇക്കാര്യം അർഹതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

40 (184) വി.എച്ച്.എസ്.ഇ. കോഴ്സുകൾ

പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വി.എച്ച്.എസ്.ഇ. കോഴ്സുകൾ ആരംഭിച്ചത് എന്നുമുതലാണ്;

(ബി) സംസ്ഥാനത്തൊട്ടാകെ എത്ര സ്കൂളുകളിലായി ഏതെല്ലാം വി.എച്ച്.എസ്.ഇ. കോഴ്സുകൾ നടത്തിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ പി.എസ്.സി.യുടെ അംഗീകാരം ലഭിച്ചിട്ടുള്ള കോഴ്സുകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) വി.എച്ച്.എസ്.ഇ.യെ പ്രീഡിഗ്രിക്ക് തുല്യമായി അംഗീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ പ്രീഡിഗ്രിക്ക് തുല്യമായി അംഗീകരിച്ചുകൊണ്ട് വി.എച്ച്.എസ്.ഇ. കോഴ്സുകൾ കാര്യക്ഷമമായി നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly